# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: അനുപമ T.V IAS ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

വിഷയം: - വനിതാ ശിശു വികസന വകുപ്പ്- ICPS - കോട്ടയം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2020 സെപ്റ്റംബർ മുതൽ 2021 ഫെബ്രുവരി വരെയുള്ള കെട്ടിട വാടക തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-1.ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS3/31033/15 തീയതി:11/11/2014

2.കോട്ടയം PWD കെട്ടിട വിഭാഗം അസി.എക്സിക്യൂട്ടീവ് എൻജിനിയറുടെ കത്ത് നം:DBI-736/15 തീയതി:27/07/2015

3.കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം:DCPU(K)/01/2014 തീയതി:02/11/2020

**ഉത്തരവ് നമ്പർ- ICPS4(B)/31033 /14 തീയതി: 18.12.2020**

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ കോട്ടയം ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന് യൂണിറ്റിന് 2020 സെപ്റ്റംബർ മുതൽ 2021 ഫെബ്രുവരി വരെയുള്ള വാടക നൽകേണ്ടതുണ്ട്. ശ്രീമതി. പർവ്വതിയമ്മയുടെ ഉടമസ്ഥതയിൽ കോട്ടയം മുൻസിപ്പാലിറ്റിയിലെ IX/145 നമ്പറിലുള്ള കെട്ടിടം PWD കെട്ടിട വിഭാഗം നിശ്ചയിക്കുന്ന വടകയോ, ICPS പുതുക്കിയ മാർഗ്ഗ രേഖ പ്രകാരമുള്ള പ്രതിമാസം 15,000/- രൂപയോ ഇതിൽ ഏതാണോ കുറവ് ആ തുകയ്ക്ക് വാടകയ്ക്ക് എടുക്കുവാൻ പരാമർശം (1) ഉത്തരവ് നൽകിയിരുന്നു. പരാമർശം (2) പ്രകാരം പ്രസ്തുത കെട്ടിടത്തിന് കോട്ടയം PWD കെട്ടിട വിഭാഗം നിശ്ചയിച്ച് നൽകിയിട്ടുള്ള പ്രതിമാസ വാടക 9,358/- രൂപ നിരക്കിൽ 2020 സെപ്റ്റംബർ മുതൽ 2021 ഫെബ്രുവരി വരെ 56,148/- രൂപ അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് 2020 സെപ്റ്റംബർ മുതൽ 2021 ഫെബ്രുവരി വരെയുള്ള 6 മാസത്തേക്ക് 9,358/- രൂപ പ്രതിമാസ നിരക്കിൽ കെട്ടിട വാടക തുകയായ 56,148/- രൂപ (അൻപത്തി ആറായിരത്തി ഒരുന്നൂറ്റി നാൽപ്പത്തി എട്ട് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു,

ടി തുക 56,148/- രൂപ (അൻപത്തി ആറായിരത്തി ഒരുന്നൂറ്റി നാൽപ്പത്തി എട്ട് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102–61(P)34-OC-യിൽ നിന്നും നിന്നും കോട്ടയം ജില്ലാ വനിത ശിശു വികസന ആഫീസറുടെ പേരിൽ അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിത ശിശു വികസന ആഫീസര് തുക കോട്ടയം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ പേരിൽ അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, Rs. 56,148/- രൂപയുടെ (അൻപത്തി ആറായിരത്തി ഒരുന്നൂറ്റി നാൽപ്പത്തി എട്ട് രൂപ മാത്രം) രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി SCPS

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT

ജില്ലാ വനിത ശിശു വികസന ആഫീസർ കോട്ടയം

പകർപ്പ്:

1.ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കോട്ടയം
2.സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3.ICPS-4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്